**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1511** **19-06-2024 - ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | തോട്ടം മേഖലയിലെ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ പലതും കാലപ്പഴക്കം മൂലം വാസയോഗ്യമല്ലാത്തതിനാൽ ടി ലയങ്ങൾ പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിക്കണമെന്ന റിട്ട.ജസ്റ്റിസ്.കൃഷ്ണൻ നായർ കമ്മീഷൻ ശിപാർശ പരിഗണിച്ചുകൊണ്ട് അംഗീകരിച്ച പ്ലാന്റേഷൻ നയത്തിൽ തോട്ടം ഉടമകളുടെ സഹകരണത്തോടെ തോട്ടം തൊഴിലാളികൾക്ക് സ്വന്തം വീട് എന്നത് യാഥാർത്ഥ്യമാക്കുക എന്ന് വിഭാവനം ചെയ്തിരി-ക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തൊഴിലാളികൾക്കും സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിൽ ഉൾപ്പെടുത്തി ആവശ്യമായ വാസഗൃഹങ്ങൾ നിർമ്മിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത നടപടിയുടെ ഭാഗമായി ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ 2017-ൽ തൊഴിൽ വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേയിൽ കണ്ടെത്തിയ 32452 തൊഴിലാളികളുടെ ലിസ്റ്റ് ഭവനം ഫൗണ്ടേഷന് സമർപ്പിക്കുകയും ചെയ്തു. ടി ലിസ്റ്റിന്മേൽ ലൈഫ് മാനദണ്ഡപ്രകാരം വീട് ലഭ്യമാകുന്നതിനുള്ള അർഹത പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്ന-തിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതല-പ്പെടുത്തിയിട്ടുള്ളതും ലിസ്റ്റ് പരിശോധിക്കുന്നതിനായി യൂസർ ഐ.ഡി യും പാസ് വേർഡും ലൈഫ് മിഷന് നൽകിയിട്ടുള്ളതുമാണ്.<br><br>തോട്ടം മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന തിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി രൂപീകരിച്ച പ്ലാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 06/1/2024 തീയതിയിലെ യോഗത്തിൽ ലയങ്ങളുടെ നവീകരണത്തിനായി തോട്ടം ഉടമകൾ വായ്പ എടുക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 10 |

കോടി രൂപ ഉപയോഗിച്ച് ടി വായ്പയുടെ പലിശ ഇളവ് വഹിക്കുന്നതിനും തീരുമാനമാവുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ തുടർച്ചയായി ലയങ്ങളുടെ പുന:രുദ്ധാരണവുമായി ബന്ധപ്പെട്ട 25/1/2024 തീയതിയായി ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെയും ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെയും സംയുക്ത സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ ലയങ്ങളുടെ പുനഃരുദ്ധാരണത്തിന് വായ്പയെടുക്കുമ്പോൾ വായ്പയുടെ പലിശയിനത്തിൽ വരുന്ന തുകയ്ക്ക് തോട്ടം ഉടമകൾക്ക് സബ്സിഡി അനുവദിക്കുന്നത് പരിഗണിക്കുവാൻ തീരുമാനിക്കുകയും ലയങ്ങളുടെ നവീകരണത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ തോട്ടം ഉടമകൾക്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി അനുവദിക്കുന്നതിന് ചെലവഴി-ക്കുന്നതിലേയ്ക്കായി ഒരു സ്കീം രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി ലയങ്ങൾ നവീകരിക്കുന്നതിനും പുന:രുദ്ധാരണം നടത്തുന്നതിനുമായുള്ള പ്രവർത്തന-ങ്ങൾ നടത്തുന്നതിന് തൊഴിലുടമയ്ക്ക് സഹായം നൽകുന്ന ഒരു പദ്ധതി, തൊഴിലുടമകളുമായും ബാങ്ക് പ്രതിനിധികളുമായും (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി) ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസർ വ്യവസായ വകുപ്പ് മുഖേന തയ്യാറാക്കിയിട്ടുണ്ട്. ബോണക്കാട് എസ്റ്റേറ്റിൽ പുതുക്കിപ്പണിയാവുന്ന 42 ലയങ്ങളുടെ പുനഃരുദ്ധാരണം നടത്തുന്നതിനു വേണ്ടിയുള്ള ജില്ലാ കളക്ടർ മുഖേന ലഭ്യമാക്കിയ പ്രൊപ്പോസൽ, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി നിർമ്മിക്കുന്നതിനുമായി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുട്ടം മുഖേന സമർപ്പിച്ച എസ്റ്റിമേറ്റ് സഹിതം ഉള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ പുനഃരുദ്ധാരണത്തിനായി ഇനം നം. 240ആയി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ, മണ്ണിടിച്ചിൽ, മഴ തുടങ്ങിയ സാഹചര്യങ്ങൾ ലയങ്ങളുടെ സ്ഥിതി ദുസ്സഹമാക്കുമെന്നതിനാൽ ലയങ്ങളുടെ പുന:രുദ്ധാരണത്തിനായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി ആയത് സംബന്ധിച്ച അടിയന്തര നടപടി സ്വീകരിക്കുന്നതിന് വ്യവസായ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | പ്ലാന്റേഷൻ ലേബർ ആക്ട് 1951, റൂൾ 1959 പ്രകാരം തൊഴിലാളികൾക്ക് സൗജന്യ താമസസൗകര്യം, സൗജന്യ വൈദ്യുതി, സൗജന്യ ചികിത്സ എന്നിവ ലഭ്യമാക്കണമെന്നത് തോട്ടം ഉടമകളുടെ പ്രാഥമിക കർത്തവ്യമാണ്. ലയങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധന നടത്തുമ്പോൾ തകരാർ സംഭവിച്ച ലയങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ആവശ്യമായ നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | തോട്ടം തൊഴിലാളികൾക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | തോട്ടം തൊഴിലാളികൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുന്ന ഭവനം പദ്ധതി ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കുന്നു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് സുരക്ഷിതവും വൃത്തിയുമുള്ള ഭവനങ്ങൾ പ്ലാന്റേഷനിലോ, പരിസരത്തിലോ നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് ഭവനം പദ്ധതി. നിലവിൽ രണ്ട് സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കി. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി 75 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>1. മൂന്നാറിലെ ഭവനം പദ്ധതി ഫെബ്രുവരി 2019 ന് ആരംഭിച്ചു. ജനുവരി 2020-ന് തൊഴിലാളികൾക്ക് കൈമാറി. മൂന്നാറിൽ 9 വീടുകളാണ് ഉള്ളത്.<br>2. കുളത്തുപ്പുഴ ആർ.പി.എൽ-ൽ ജനുവരി 2020 ന് ആരംഭിച്ചു. സെപ്റ്റംബർ 2021-ന് പദ്ധതി പൂർത്തിയായി. 6 വീടുകളാണ് ഇവിടെയുള്ളത്. |

സെക്ഷൻ ഓഫീസർ